# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൊഴുതന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ളിയൂ.വൈ.ഡി പി1-446/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 30/06/2021
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൊഴുതന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ളിയൂ.വൈ.ഡി പി1- തീയ്യതി: 30/06/2021
446/2021

## വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.കെ ഉണ്ണി | ഡെപ്യൂട്ടി ഡയറക്ടർ | 18-06-2021 | 28-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-06-2021 | 28-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഷാജി.ഇ.കെ, ഓഡിറ്റ് ഓഫീസർ
ശ്രീ. നവാസ്.കെ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഡേവിഡ്.കെ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അലിഅക്ബർ, കെ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. റ്റിജി വർഗ്ഗീസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എൻ.സി പ്രസാദ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| സുന്ദര രാജൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഹനീഫ സി | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ. സുഷമ പി, എസ് | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2019 | 31-03-2020 |
| ഡോ. അഷിത എ്.കെ | മെഡിക്കൽഓഫീസർ (ഹോമിയോ) | 01-04-2019 | 29-05-2019 |
| ഡോ. സ്മിത ഇ.ജെ | മെഡിക്കൽഓഫീസർ (ഹോമിയോ) | 30-05-2019 | 10-11-2019 |
| ഡോ.ശ്രീനാഥ് വി | മെഡിക്കൽഓഫീസർ (ഹോമിയോ) | 11-11-2019 | 31-03-2020 |
| ഡോ. ടി.എൻ ഹരിശങ്കർ | മെഡിക്കൽഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. സീന കെ.എം | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഇന്ദു ഏലിയാസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 16-09-2019 |
| ഉദയ കെ ജോയ് | ഐ സി ഡി എസ് സൂപ്പർവൈസർ | 17-09-2019 | 09-12-2019 |
| അന്നമ്മ എ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-01-2020 | 31-03-2020 |
| ബിജു. വി.ജി | അസി .എഞ്ചിനീയർ | 01-04-2019 | 16-07-2019 |
| സജി കുഞ്ഞിമോൻ | അസി .എഞ്ചിനീയർ | 17-07-2019 | 06-08-2019 |
| ബിനിൽ ഗോപിനാഥ് | അസി .എഞ്ചിനീയർ | 07-08-2019 | 03-01-2020 |
| ബാബു സി.കെ | അസി .എഞ്ചിനീയർ | 04-01-2020 | 07-02-2020 |
| വിഷ്ണു ടി.സി | അസി .എഞ്ചിനീയർ | 08-02-2020 | 31-03-2020 |
| എ. ജനാർദ്ദനൻ | ഹെഡ് മാസ്റ്റർ | 01-04-2019 | 30-06-2019 |
| സോമൻ | ഹെഡ് മാസ്റ്റർ | 01-07-2019 | 31-03-2020 |
| | | | |

| | | | |
|---|---|---|---|
| ഫിലോമിന ലോറൻസ് | വി ഇ ഒ | 01-04-2019 | 17-10-2020 |
| ഹരീഷ് എച്ച് | വി ഇ ഒ | 01-04-2019 | 17-10-2019 |
| മുഹമ്മദ് നൌഫൽ പി.എ | വി ഇ ഒ | 17-10-2019 | 31-03-2020 |
| ബിജു കെ.ജെ | വി ഇ ഒ | 01-11-2019 | 31-03-2020 |
| ആരണ്യ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീനാഥ് .പി.എസ്. | ടി.ഇ.ഒ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: David K.V (Asst. Audit Officer, On 28-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-1 |
| 2 | ബജറ്റ് വാസ്തവികമല്ല.<br>Written By: David K.V (Asst. Audit Officer, On 28-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-1-1 |
| 3 | ബജറ്റിൽ വകയിരുത്തിയതിലും കൂടുതൽ തുക ചെലവഴിച്ചു.<br>Written By: David K.V (Asst. Audit Officer, On 28-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-1-2 |
| 4 | ബജറ്റ് നിയന്ത്രണം<br>Written By: David K.V (Asst. Audit Officer, On 30-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-1-3 |
| 5 | വാർഷിക കണക്കുകൾ<br>Written By: David K.V (Asst. Audit Officer, On 28-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-2 |
| 6 | ധനകാര്യ പത്രിക പൂർണ്ണമല്ല.<br>Written By: David K.V (Asst. Audit Officer, On 28-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-2-1 |
| 7 | ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 28-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-2-2 |
| 8 | കരാറുകാർക്ക് കൊടുക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 28-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-2-3 |
| 9 | പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാത്ത പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 28-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-2-4 |
| 10 | വസ്തുനികുതി - ഡി.സി.ബി റിപ്പോർട്ടുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: David K.V (Asst. Audit Officer, On 28-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-2-5 |
| 11 | ലോൺ ബാധ്യത രേഖപ്പെടുത്തിയത് കുറവ്.<br>Written By: David K.V (Asst. Audit Officer, On 28-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-2-6 |
| 12 | ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ എം.എൻ.ആർ.ഇ.ജി.എ -യുടെ വരുമാനം രേഖപ്പെടുത്തിയിരിക്കുന്നതിൽ കുറവ്.<br>Written By: David K.V (Asst. Audit Officer, On 28-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-2-7 |
| 13 | ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി റസീപ്റ്റ് ചെയ്തില്ല.<br>Written By: David K.V (Asst. Audit Officer, On 28-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-2-8 |

| | | |
|---|---|---|
| 14 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Shaji E.K (Audit Officer, On 29-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-3 |
| 15 | ഫണ്ട് വിനിയോഗം<br>Written By: David K.V (Asst. Audit Officer, On 29-06-2021)<br>Last Updated By: Shaji E.K (Audit Officer, On 30-06-2021) | 1-4 |
| 16 | പദ്ധതി അവലോകനം<br>Written By: K.M.Navaz (Asst. Audit Officer, On 29-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ali Akbar. K (Asst. Audit Officer, On 29-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-6 |
| 18 | ക്ഷേമ പദ്ധതികൾ<br>Written By: Shaji E.K (Audit Officer, On 29-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Tiji Varghese (Auditor, On 28-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം.<br>Written By: Tiji Varghese (Auditor, On 28-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shaji E.K (Audit Officer, On 30-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-10 |
| 22 | സാംഖ്യ രസീതികളുടെ നീക്കിയിരിപ്പ്<br>Written By: Tiji Varghese (Auditor, On 27-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-11 |
| 23 | തെരുവ് വിളക്ക് സ്ഥാപിക്കൽ പ്രൊക്യുർമെന്റ് കമ്മിറ്റി അംഗീകാരം ഇല്ല<br>Written By: K.M.Navaz (Asst. Audit Officer, On 29-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-12 |
| 24 | നിർവ്വഹണ ഉദ്യോഗസ്ഥൻ ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.<br>Written By: Tiji Varghese (Auditor, On 27-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-13 |
| 25 | സമ്പൂർണ്ണ ഭവന പദ്ധതി വികസന ഫണ്ടിൽ നിന്നും ബാങ്കിൽ അടക്കുന്ന തുക പലിശ ഇനത്തിൽ വരവ് വെക്കുന്നു<br>Written By: K.M.Navaz (Asst. Audit Officer, On 29-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-14 |
| 26 | വാഹന വാടക ഇനത്തിൽ അധികച്ചെലവ്<br>Written By: Shaji E.K (Audit Officer, On 29-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-15 |
| 27 | പദ്ധതി നിർവ്വഹണത്തിനുള്ള ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 29-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-16 |
| 28 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - നടപടി ക്രമങ്ങൾ പാലിക്കാതെ ധനസഹായം നൽകി.<br>Written By: Ali Akbar. K (Asst. Audit Officer, On 29-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-17 |
| 29 | പ്രൊക്യുർമെന്റ് കമ്മിറ്റി അംഗീകാരമില്ലാതെ | 1-18 |

| | | |
|---|---|---|
| | ഉപകരണങ്ങൾ വാങ്ങി.<br>Written By: Shaji E.K (Audit Officer, On 29-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | |
| 30 | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം - വിവാഹ സാക്ഷ്യപത്രം ഇല്ല-തടസ്സം 75000/- രൂപ.<br>Written By: Ali Akbar. K (Asst. Audit Officer, On 29-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-19 |
| 31 | അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വിഭവ ഉപയോഗത്തിലെ വീഴ്ച.<br>Written By: Ali Akbar. K (Asst. Audit Officer, On 29-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-20 |
| 32 | അംഗൺവാടി പോഷകാഹാരം- സപ്ലൈകോ നിരക്കിൽ പരിമിതപ്പെടുത്തിയാണോ സാധനങ്ങൾ വാങ്ങിയതെന്ന് പരിശോധിക്കുവാനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 30-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-21 |
| 33 | വലിയ തുക വകയിരുത്തിയ പദ്ധതികൾ നടപ്പിലാക്കാനായില്ല.<br>Written By: Shaji E.K (Audit Officer, On 29-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-22 |
| 34 | ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾക്ക് പാത്രങ്ങൾ വാങ്ങൽ 249077/ രൂപ തടസ്സം ചെയ്യുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 29-06-2021)<br>Last Updated By: Shaji E.K (Audit Officer, On 30-06-2021) | 1-23 |
| 35 | മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം<br>Written By: Ali Akbar. K (Asst. Audit Officer, On 29-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-24 |
| 36 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ - വാസ്തവികമല്ല<br>Written By: Ali Akbar. K (Asst. Audit Officer, On 29-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-25 |
| 37 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കുളം, കിണർ നിർമ്മാണം - കരാർ ചമക്കുന്നില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 29-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-26 |
| 38 | ഫലപ്രദമായ മോണിറ്ററിംഗിന്റെ അഭാവം -പദ്ധതി ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചതായി ഉറപ്പുവരുത്താനായില്ല.<br>Written By: Shaji E.K (Audit Officer, On 29-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shaji E.K (Audit Officer, On 19-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| | Written By: Shaji E.K (Audit Officer, On 19-06-2021)<br>Last Updated By: Shaji E.K (Audit Officer, On 30-06-2021) | |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shaji E.K (Audit Officer, On 19-06-2021)<br>Last Updated By: Shaji E.K (Audit Officer, On 30-06-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shaji E.K (Audit Officer, On 19-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Shaji E.K (Audit Officer, On 19-06-2021)<br>Last Updated By: Shaji E.K (Audit Officer, On 30-06-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shaji E.K (Audit Officer, On 19-06-2021)<br>Last Updated By: Shaji E.K (Audit Officer, On 30-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaji E.K (Audit Officer, On 19-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Shaji E.K (Audit Officer, On 19-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Shaji E.K (Audit Officer, On 19-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaji E.K (Audit Officer, On 19-06-2021)<br>Last Updated By: Shaji E.K (Audit Officer, On 30-06-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shaji E.K (Audit Officer, On 19-06-2021)<br>Last Updated By: Unni P.K (Deputy Director, On 30-06-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

15.02.2019 ലെ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 01 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ₹29,34,34,200/- ഉം പ്രതീക്ഷിത ചെലവ് ₹29,31,27,528/- യുമാണ്. 14.02.2020 -ലെ 1-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ₹25,57,66,553/- ഉം പ്രതീക്ഷിത ചെലവ് ₹26,69,86,594/- യുമാണ്. ബജറ്റുമായി ബന്ധപ്പെട്ട ന്യൂനതകൾ താഴെ കൊടുക്കുന്നു.

### 1-1-1 ബജറ്റ് വാസ്തവികമല്ല.

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ബജറ്റിൽ മുൻവർഷത്തെ വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവിനേക്കാൾ പലയിനം വരവുകളിലും ഗണ്യമായ വ്യത്യാസം ഉണ്ട്. എന്നാൽ ആയതിന് വിശദീകരണം രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡിറ്റൈൽഡ് ഹെഡ് കോഡ് | ഇനവിവരം | ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | മുൻവർഷത്തെ വാർഷിക കണക്കുകൾ പ്രകാരമുള്ള വരുമാനം | വ്യത്യാസം |
|---|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | 46,00,000 | 28,40,710 | 17,59,290 |
| 2 | 1102001 | തൊഴിൽ നികുതി | 11,00,000 | 8,86,930 | 2,13,070 |
| 4 | 1401101 | ലൈസൻസ് ഫീസ് | 2,00,000 | 1,35,520 | 64480 |
| 5 | 1404001 | ഫൈൻ | 2,00,000 | 8503 | 1,91,497 |

വാസ്തവികമല്ലാത്ത ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യമായ സാമ്പത്തിക മാനേജ്മെന്റ് സാധ്യമാകാതെ വരുന്നു. യഥാർത്ഥ വരവിനേക്കാൾ പെരുപ്പിച്ചുകാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് മൂലം തുക വകയിരുത്തി പദ്ധതികൾ എല്ലാം നടപ്പിലാക്കുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ, നടപ്പിലാക്കിയ എല്ലാ പദ്ധതികളുടെയും ചെലവ് തുക നൽകാൻ കഴിയാത്ത അവസ്ഥ ഉണ്ടാകും. അങ്ങനെ വന്നാൽ അത് ഗ്രാമപഞ്ചായത്തിനെ കോടതി വ്യവഹാരങ്ങളിലേക്ക് നയിക്കുകയും ആയതുമൂലം ഗ്രാമപഞ്ചായത്തിന് ബാധ്യത ഉണ്ടാകുകയും ചെയ്യും.

### 1-1-2 ബജറ്റിൽ വകയിരുത്തിയതിലും കൂടുതൽ തുക ചെലവഴിച്ചു.

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം ബജറ്റിൽ_വകയിരുത്തിയതിൽ കവിഞ്ഞ ഏതെങ്കിലും ചെലവ് ഒരു പഞ്ചായത്ത് വരുത്തിവെയ്ക്കാൻ പാടില്ലാത്തതാണ്. എന്നാൽ സ്ഥാപനത്തിന്റെ 2019-20 വർഷത്തെ പുതുക്കിയ ബജറ്റിൽ വകയിരുത്തിയതിലും കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഡീറ്റൈൽഡ് ഹെഡ് കോഡ് | ഇനവിവരം | 2019-20 വർഷത്തെ റിവൈസ്ഡ് ബജറ്റ് പ്രകരം വകയിരുത്തൽ | 2019-20 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 2101002 | കൂലി | 1,50,000 | 2,51,470 |
| 2 | 2102002 | മറ്റ് ബത്തകൾ | 25000 | 230154 |
| 3 | 2104001 | മറ്റ് സേവനങ്ങൾ - വിരാമ ആനുകാലികങ്ങൾ | 0 | 104882 |
| 4 | 2201201 | വാർത്ത വിനിമയ ചെലവുകൾ | 50000 | 88310 |
| 5 | 2202001 | പുസ്തകങ്ങളും ആനുകാലികങ്ങളും | 50000 | 56406 |
| 6 | 2202101 | അച്ചടിയും സ്റ്റേഷനറിയും | 100000 | 179652 |
| 7 | 2207101 | അസാധാരണ ചെലവുകൾ | 100000 | 211908 |
| 8 | 2208001 | മറ്റ് ഭരണ ചെലവുകൾ | 150000 | 243510 |
| 9 | 2301001 | വൈദ്യുതി ചാർജ്ജ് | 150000 | 302942 |
| 10 | 2304001 | വാടക | 125000 | 200857 |
| 11 | 2305001 | സംരക്ഷണവും അറ്റകുറ്റപ്പണികളും പൊതുകെട്ടിടങ്ങൾ | 0 | 16512 |
| 12 | 2405001 | വായ്പകളിൽ മേലുള്ള പലിശ | 0 | 804458 |
| 13 | 2501002 | കൃഷിയും അനുബന്ധ മേഖലകളും - മറ്റ് വിളകൾ | 0 | 168643 |
| 14 | 2501004 | കൃഷിയും അനുബന്ധ മേഖലകളും - മൃഗസംരക്ഷണം | 0 | 102375 |
| 15 | 2501034 | മൃഗസംരക്ഷണം - കന്നുകുട്ടി പരിപാലനം | 0 | 312500 |
| 16 | 2501046 | ക്ഷീര വികസനം - സംഭരണവും വിതരണവും | 0 | 20869 |
| 17 | 2511006 | സർവ്വശിക്ഷ അഭിയാനും മറ്റ് വിദ്യാഭ്യാസ പരിപാടികളും | 0 | 302000 |
| 18 | 2512001 | ഹെൽത്ത് സെന്ററുകൾ/ | 0 | 2000 |

| | | | | |
|---|---|---|---|---|
| | | ആശുപത്രികൾ/ ഡിസ്പെൻസറികൾ | | |
| 19 | 2512008 | കുടിവെള്ളം | 0 | 687629 |
| 20 | 2512003 | പ്രത്യേക ആരോഗ്യ പരിപാടി | 500000 | 1134599 |
| 21 | 2513004 | വൈദ്യുതീകരണം | 452580 | 736551 |
| 22 | 2513016 | ബഡ്സ് റിഹാബിലിറ്റേഷൻ & ഫസിലിറ്റേഷൻ സെന്റ് | 0 | 371936 |
| 23 | 2514202 | അംഗൻവാടി അനുബന്ധ സൗകര്യങ്ങൾ | 1454400 | 2307983 |
| 24 | 2516005 | പദ്ധതി രൂപീകരണം മോണിറ്ററിംഗ് | 0 | 182729 |
| 25 | 2521001 | തെരുവിളക്കുകളുടെ വൈദ്യുതീകരണം | 0 | 197350 |
| 26 | 2521007 | ഓഫീസുകളുടെ വൈദ്യുതീകരണം | 0 | 299358 |
| 27 | 2522001 | റോഡുകൾ | 2183000 | 4684621 |
| 28 | 2523102 | മറ്റ് നിർമ്മതികൾ പാർശ്വ ഭിത്തി | 0 | 91884 |
| 29 | 2531001 | കുടിവെള്ളം അനുബന്ധ പ്രോജക്റ്റുകൾ | 0 | 1009596 |
| 30 | 2531004 | അംഗൻവാടി അനുപൂരക പോഷക ആഹാര പരിപാടി | 0 | 1157160 |

യാഥാർത്ഥ്യ ബോധ്യത്തോടെ ബജറ്റ് തയ്യാറാക്കാത്തതാണ് മേൽ വീഴ്ചയ്ക്ക് കാരണമായത്. പലയിനങ്ങൾക്കും തുക വകയിരുത്താതെയിരിക്കുകയും മറ്റ് പലയിനങ്ങൾക്കും ആവശ്യത്തിന് തുക വകയിരുത്താതെയും ഇരിക്കുമ്പോൾ തന്നെ തുക വകയിരുത്തിയ പലയിനങ്ങളിലും യാതൊരു ചെലവും വരാതിരിക്കുകയും വൻതുക വകയിരുത്തിയ മറ്റ് പലയിനങ്ങളിലും നാമമാത്ര ചെലവ് നടത്തുകയും ചെയ്തിരിക്കുന്നു. യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത ഒരു ബജറ്റ് ഉണ്ടാക്കുക വഴി നിയമപരമായ ഒരു കടമ നിർവ്വഹിക്കുക മാത്രമാണ് ഗ്രാമപഞ്ചായത്ത് ചെയ്തിട്ടുള്ളത്. ഇപ്രകാരമുള്ള ഒരു ബജറ്റ് സാമ്പത്തിക നിയന്ത്രണം സാധ്യമാക്കാനോ സ്ഥാപനത്തിന്റെ പ്രകടനം മെച്ചപ്പെടുത്താനോ ഉതകുന്നതല്ല.

1-1-3 ബജറ്റ് നിയന്ത്രണം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 162(എ) -ാം വകുപ്പ് പ്രകാരം ബഡ്ജറ്റുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ 60 -ാം ചട്ടം അനുസരിച്ച് എല്ലാ മാസവും 10- ാം തിയ്യതിയ്ക്ക് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുൻമാസത്തെ സാമ്പത്തിക സ്ഥിതി വിലയിരുത്തണം. കേരള പഞ്ചായത്ത് ബഡ്ജറ്റ് മാന്വൽ ഖണ്ഡിക നം. 4.3(1) അനുസരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ/ വാർഷിക ബഡ്ജറ്റ് അവലോകനം നടത്തണം. സമയബന്ധിതമായി വിഭവ സമാഹരണം നടക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തണം. ബഡ്ജറ്റിൽ നിന്നും വ്യതിചലിച്ച് കൊണ്ട് യാതൊരു ചെലവും നടത്താൻ പാടില്ല.(കേരള പഞ്ചായത്ത് രാജ് നിയമം 214(6&8)-ാം വകുപ്പ് ) ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ചെലവ് നടത്തേണ്ട ഒരു അനിവാര്യമായ അടിയന്തിര സാഹചര്യം വരുകയാണെങ്കിൽ അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബഡ്ജറ്റ് തയ്യാറാക്കി ഭരണ സമിതിയുടെ അംഗീകാരം വാങ്ങണം.

ബഡ്ജറ്റ് മാന്വൽ ഖണ്ഡിക നമ്പർ 4.1(1) അനുസരിച്ച് സെക്രട്ടറിയും അകൗണ്ടന്റും ബഡ്ജറ്റ് പ്രൊവിഷൻ അനുസരിച്ചാണ് ചെലവുകൾ നടത്തുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. സെക്രട്ടറിയും സ്ഥാപന മേധാവികളും നിർവ്വഹണ ഉദ്യോഗസ്ഥരും ബഡ്ജറ്റ് പ്രൊവിഷന വിധേയമായാണ് ഫണ്ടുകൾ ആവശ്യപ്പെടുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ( ബഡ്ജറ്റ് മാന്വൽ ഖണ്ഡിക 4.2(III). പ്രസിഡന്റ്, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവർ ബഡ്ജറ്റ് പ്രൊവിഷന വിധേയമായാണ് അലോട്ട്മെന്റുകൾ നൽകുന്നത് ഉറപ്പ് വരുത്തേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗ മിനിട്ട്സ് പരിശോധനയിൽ നിന്നും മുൻമാസങ്ങളിലെ വരവ് ചെലവുകൾ പ്രതിമാസം അംഗീകരിക്കുന്നതിൽ ഉപരിയായി മേൽ പറഞ്ഞ ചുമതലകൾ വഹിക്കുന്നത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതും ആയതു സംബന്ധിച്ച രേഖകൾ സൂക്ഷിക്കേണ്ടതുമാണ്. സെക്രട്ടറിയുടെയും മറ്റ് ഉദ്യോഗസ്ഥരുടേയും പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ആവശ്യമായ ഉപദേശങ്ങളും, മാർഗ്ഗ നിർദ്ദേശങ്ങളും യഥാസമയങ്ങളിൽ നൽകുന്നതിനും ഭരണ സമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകൾ

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 15.06.2020 | --- | --- |

## 1-2-1 ധനകാര്യ പത്രിക പൂർണ്ണമല്ല.

കേരള പഞ്ചായത്ത് രാജ് (അക്കണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രകയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപെടുത്തേണ്ടതുമാണ്. എന്നാൽ 15.06.2020 ന് അക്കൗണ്ടന്റ്/1/2020 നം. പ്രകാരം ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2019-20 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഇല്ല. സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടുമില്ല.

## 1-2-2 ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫിക്സഡ് അസറ്റ്സിന്റെ മൂല്യത്തിന്റെ കൃത്യത താഴെ പറയുന്ന കാരണങ്ങളാൽ ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.

1.ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാലും ആസ്തികളുടെ കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2.കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ ആസ്തികൾക്ക് രേഖപ്പെടുത്തിയിരിക്കുന്ന ഡിപ്രീസിയേഷന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-2-3 കരാറുകാർക്ക് കൊടുക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

തൻ വർഷം സമർപ്പിച്ച കരാറുകാരുടെ പല ബില്ലുകളുടെയും തുക ഗ്രാമ പഞ്ചായത്തിന് കൊടുക്കുവാൻ സാധിച്ചിട്ടില്ല. പ്രസ്തുത ബില്ലുകളുടെ തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

## 1-2-4 പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാത്ത പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ബി-4 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള എൻ.ആർ.ജി.ഇ.എ., എസ്.എസ്.എ, ജലനിധി, സാക്ഷരത, ടി.ആർ.ഡി.എം എന്നിവ ഒഴികെയുള്ള ഗ്രാന്റുകൾക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മറ്റ് ഫണ്ടുകളോടൊപ്പം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള പ്രസ്തുത ബാധ്യതൾക്ക് തുല്യമായ തുക ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ ഉണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-2-5 വസ്തുനികുതി - ഡി.സി.ബി റിപ്പോർട്ടുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കുകൾ പ്രകാരമുള്ള തൻവർഷ വസ്തുനികുതി ഡി.സി.ബി റിപ്പോർട്ടുമായി പൊരുത്തപ്പെടുന്നില്ല. ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയ വസ്തുനികുതി കുടിശ്ശികയിലും പൊരുത്തക്കേടുണ്ട്.

വസ്തു നികുതിയുടെ 2019-20 വർഷത്തെ വാർഷിക കണക്ക് ഡി.സി.ബി റിപ്പോർട്ട് എന്നിവ പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നവ താഴെ കൊടുക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | | | ബാലൻസ് |
|---|---|---|---|---|---|
| | | തൻവർഷം ലഭിച്ചത് | മുൻകൂർ ക്രമീകരിച്ചത് | ആകെ | |
| വാർഷിക കണക്ക് | 3107195 | 2103887 | 11393 | 2115280 | 956182 |
| ഡി.സി.ബി റിപ്പോർട്ട് | 3109491 | 2104096 | 58207 | 2162303 | 958285 |

വാർഷിക കണക്കിലും ഡി.സി.ബി. റിപ്പോർട്ടിലും ഡിമാന്റും കളക്ഷനും തമ്മിലുള്ള വ്യത്യസമല്ല ബാലൻസായി ഉൾപ്പെടുത്തിയിട്ടുള്ളത് (3107195 - 2115280 = 991915, 3109491 - 2104096 = 1005395).

മുൻ വർഷത്തെ വാർഷിക കണക്ക് പ്രകാരം വസ്തുനികുതി കുടിശ്ശിക ഡിമാന്റ് ₹287340/- ആണ്. എന്നാൽ ഡി.സി.ബി. റിപ്പോർട്ടിൽ തൻവർഷം ഡിമാന്റായി രേഖപ്പെടുത്തിയിട്ടുള്ളത് ₹220448/- ആണ്. തൻവർഷ കുടിശ്ശിക വരവ് ₹60687/- ആണ്. അതിനാൽ കുടിശ്ശിക ബാലൻസായി തൻവർഷാവസാന ബാലൻസ് ഷീറ്റിൽ വരേണ്ട തുക ₹226653/- ആണ്. എന്നാൽ 31.03.2020 -ലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക ₹159849/- ആണ്.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് I-18 ഷെഡ്യൂളിൽ (പ്രയർ പിരീഡ് ഐറ്റംസ്) 280100101- പ്രയർ പിരീഡ് ഇൻകം പ്രോപ്പർട്ടി ടാക്സ് ഓൺ റെസിഡൻഷ്യൽ ബിൽഡിംഗ് എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ₹1,05,865/- രേഖപ്പെടുത്തിയത് സംബന്ധിച്ച് വിശദീകരണവും ലഭ്യമാക്കിയിട്ടില്ല.

## 1-2-6 ലോൺ ബാധ്യത രേഖപ്പെടുത്തിയത് കുറവ്.

ബാലൻസ് ഷീറ്റിലെ ബി-5 ഷെഡ്യൂൾ പ്രകാരം സെക്യൂവേർഡ് ലോൺസ് -കോപ്പറേറ്റീവ് ബാങ്ക് എന്ന ഹെഡിൽ ( 330500102) ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുക 1,01,76,575/- രൂപയാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ബാധ്യത 1,28,15,498/- രൂപയാണ്( 2638923/- രൂപ അധികം). ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ സമ്പൂർണ്ണ പാർപ്പിട പദ്ധതിക്ക് വേണ്ടി എടുത്ത ലോണാണിത്. തനത് ഫണ്ടിൽ നിന്നും പലിശ കൃത്യമായി അടവാക്കാത്തതിനാൽ വികസന ഫണ്ടിൽ നിന്നും മുതൽ ഇനത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കുന്ന തുക പലിശ

ഇനത്തിൽ ബാങ്കിൽ വരവ് വെയ്ക്കപ്പെടുന്നതാണ് വ്യത്യാസത്തിന് കാരണം. അതിനാൽ ലോൺ ഇനത്തിൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതിലും ₹2638923/- അധികമാണ് ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥ ബാധ്യത.

## 1-2-7 ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ എം.എൻ.ആർ.ഇ.ജി.എ -യുടെ വരുമാനം രേഖപ്പെടുത്തിയിരിക്കുന്നതിൽ കുറവ്.

എം.എൻ.ആർ.ഇ.ജി.എ -യുടെ വരുമാനമായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക ₹6,53,99,981/- എന്നാൽ എം.എൻ.ആർ.ഇ.ജി.എ. യുടെ ക്യാഷ് ബുക്ക് പ്രകാരം വരുമാനം ₹6,54,12,019/-ആണ്. 12,038/- രൂപയുടെ വ്യത്യാസം ഉണ്ട് (ബാങ്ക് പലിശ വരവ് ഉൾപ്പെടുത്താത്തതാണ് വ്യത്യാസത്തിന് കാരണം).

## 1-2-8 ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി റസീപ്റ്റ് ചെയ്തില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രാകാരം നോൺ-അക്രുവൽ ഇനമായ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ₹7,59,315/- ആണ്. നോൺ-അക്രുവൽ ഇനമായതിനാൽ ഡിമാൻഡ് തുക തന്നെയായിരിക്കണം കളക്ഷനും. എന്നാൽ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം റസീപ്റ്റ് ₹7,17,765/- ആണ്. തമ്മിലുള്ള വ്യത്യാസം ₹41,550/- ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതിയാണ്. ആയത് റസീപ്റ്റ് ചെയ്യാതെ ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്തതിനാലാണ് പ്രസ്തുത തുക റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ വരാതിരുന്നത് . ഇത് ശരിയായ നടപടിയല്ല. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 20 അനുസരിച്ച് പഞ്ചായത്തിന്റെ എല്ലാ വരവുകളും റസീപ്റ്റ് ചെയ്യേണ്ടത്. ആയതിനാൽ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി സെക്രട്ടറിയുടെ പേരിൽ റസീപ്റ്റ് ചെയ്യേണ്ടതാണ്.

വാർഷിക കണക്കുകളിലെ ന്യൂനതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ- 17/19-20/28.06.2021 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18643568 |
| വരവ് | 93979764 |
| ആകെ | 112623332 |
| ചെലവ് | 93869571 |
| നീക്കിയിരിപ്പ് | 18753761 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ്, | ചെലവ് | ലാപ്സായ തുക/ നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | -- | 1,61,00,134 | 1,36,66,634 | 24,33,500 | 84.89% |
| വികസനഫണ്ട് എസ്.സി.പി. | -- | 35,27,118 | 19,91,182 | 15,35,936 | 56.45% |
| സംരക്ഷണഗ്രാന്റ് റോഡ് | -- | 71,79,000 | 4,48,971 | 67,30,029 | 6.25% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | -- | 45,37,200 | 20,74,876 | 24,62,324 | 45.7% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | -- | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | -- | 1,06,36,622 | 35,69,438 | 70,67,184 | 33.55% |

| | | | | | |
|---|---|---|---|---|---|
| (അൺടൈഡ്) | | | | | |
| ബി ഫണ്ട് | 0 | 2,63,71,970 | 2,63,71,970 | -- | 100% |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 183 | 137006452 | 86 | 44285321 | 3 | 94 | 46.99 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 5 | 2101470 | 769207 | 36.60 |
| വെറ്ററിനറി സർജൻ | 15 | 7 | 10788000 | 870886 | 8.07 |
| മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 5 | 4 | 1733880 | 1584599 | 91.39 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 3 | 2 | 225000 | 191831 | 85.26 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 4 | 4 | 870670 | 766191 | 88 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 7 | 4 | 50970432 | 18972697 | 37.22 |
| ICDS സൂപ്പർ വൈസർ | 12 | 11 | 7342123 | 5498163 | 74.89 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 15077000 | 2477000 | 16.43 |
| സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 25 | 17 | 9401938 | 5586415 | 59.42 |
| ഹെഡ് മാസ്റ്റർ, GLPS | 5 | 1 | 1158000 | 217083 | 18.75 |
| അസി. എഞ്ചിനീയർ, തസ്വഭവ | 93 | 26 | 36291839 | 6722951 | 18.52 |
| അസി. സെക്രട്ടറി | 5 | 3 | 1046100 | 628298 | 60.06 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 44279 | 3825611 | 3869890 | 3825656 | 44234 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 1305000 | 1305000 | 1305000 | - |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്(Wages) | - | 49603394 | 49603394 | 49603394 | - |
| മെറ്റീരിയൽസ് | - | 13881111 | 13881111 | 13865470 | 15641 |
| പലിശ | - | 12023 | 12023 | - | 12023 |
| ബാങ്ക് തിരികെ | - | 60 | 60 | - | 60 |
| ആകെ | 44279 | 68627199 | 68671478 | 68599520 | 71958 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 12600 | 14 |
| കർഷകതൊഴിലാളി പെൻഷൻ | 1056000 | 179 |
| വിധവാപെൻഷൻ | 5055000 | 722 |
| വാർദ്ധക്യകാലപെൻഷൻ | 6703200 | 1173 |
| വികലാംഗപെൻഷൻ | 1209000 | 206 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25/06/21തീയതിയിൽ ഉച്ചയ്ക്കുശേഷം 3.30 ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ്ബാലൻസായ 18,199/-രൂപ(പതിനെട്ടായിരത്തി നൂറ്റി തൊണ്ണൂറ്റി ഒൻപത് രൂപ)യുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം.

ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിനപ്രവർത്തനത്തിനായി പത്തോളം വെബ്സൈറ്റുകളും സ്ഥാപന സോഫ്റ്റ്വെയറും ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച നൽകുമ്പോൾ സോഫ്റ്റ്വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച പരാമർശങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 34 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 18 തവണയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 14തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 14തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി

പാലിച്ചിട്ടുണ്ട്.
ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 11 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. എന്നാൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ കൗണ്ടർസൈൻ ചെയ്യുകയോ മിനിറ്റ്സ് ബുക്ക് ക്ലോസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നുന്നില്ല. സൂചിക സോഫ്റ്റ് വെയറിലെ വിവരങ്ങൾ അടങ്ങിയ പ്രിന്റ് ഫയലിൽ സൂക്ഷിക്കുന്നില്ലാത്തതിനാൽ ഫയലുകളുടെ മേൽ പരിശോധനാ വിവരം മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യേഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.
അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൌണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്.സാംഖ്യ രസീതികൾക്കും റസീറ്റ് ബുക്കുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അവയുടെ സ്റ്റോക്ക് കൃത്യമാണ്.
സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.
വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ചു വരുന്നത്. ക്ലാർക്കുമാർ സ്വീകരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്.
വരവിനങ്ങളെല്ലാം ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണ്. ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട് . ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം പ്രൊക്യുർമെന്റ് കമ്മിറ്റി ഒരു തവണ പോലും യോഗം ചേർന്നിട്ടില്ല. കമ്മിറ്റി മിനിറ്റ്സിൽ പർച്ചേസുകളുടെ വിവരങ്ങൾ ചേർത്തിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പിനായി നിരവധി പർച്ചേസുകൾ നടത്തിയിട്ടുണ്ടെങ്കിലും പ്രൊക്യുർമെന്റ് കമ്മിറ്റികൂടി തീരുമാനം എടുത്തിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.
ഗ്രാമപഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ ചെയ്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയതിൽ കൂടുതലും. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സു ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. മിനിറ്റ്സ് ബുക്കിന്റെ പേജുകൾ ഒഴിച്ചിട്ട നിലയിലാണ്. നടപ്പുപദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ ചർച്ചകൾ നടത്തിയിട്ടില്ല. മുൻവർഷ പദ്ധതികൾ അവലോകനം നടത്തിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ കൺവീനർ ഒപ്പുവെക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.10.2019 – 15.10.2019 | 01/19 - 03/19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ | 08.11.2010 | 2005/06 – | 11.01.2011 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | 2009/10 | |

## 1-11 സാംഖ്യ രസീതികളുടെ നീക്കിയിരിപ്പ്

പൊഴുതന ഗ്രാമ പഞ്ചായത്തിൽ നിലവിൽ ILGMS സമ്പ്രദായമാണ് ഉപയോഗിച്ച വരുന്നത്. 14/05/2020 തിയ്യതിയിലെ Go(Rt)No.886/20/LSGD Dtd 14/05/20 ഉത്തരവ് പ്രകാരം 28/09/2020 തിയ്യതി മുതലാണ് ILGMS ഉപയോഗിച്ച തുടങ്ങിയത്. 27/09/2020 തിയ്യതിവരെ സാംഖ്യ രസീതി നം. 5088393 വരെ ഉപയോഗിച്ചിട്ടുണ്ട്. 5088394 മുതൽ 5094000 വരെ ഭൗതീക പരിശോധന നടത്തി രസീതികളുടെ നീക്കിയിരുപ്പ് കൃത്യമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഉപയോഗ ശേഷം നീക്കിയിരുപ്പുള്ള രസീതികൾ എന്തു ചെയ്യണമെന്ന മേൽ നിർദ്ദേശം ലഭിച്ചിട്ടില്ലാത്തതിനാൽ സ്റ്റോറിൽ സൂക്ഷിച്ചിട്ടുണ്ട്.

## 1-12 തെരുവ് വിളക്ക് സ്ഥാപിക്കൽ പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം ഇല്ല

| പ്രോജക്ട്നം, പേര് | അടങ്കൽ -ചെലവ് | വൗച്ചർനം , തുക |
|---|---|---|
| 140/19-20 തെരുവ് വിളക്ക് സ്ഥാപിക്കല് | 54000 -52080(Own Fund) | Vr. 21900541/5.10.19 -58000 |
| 141/19-20 തെരുവ് വിളക്ക് സ്ഥാപിക്കല് | 200000 (Cfc- 42000,<br>158000(Own Fund)<br>-198555(Cfc- 42000,<br>Own Fund- 156555) | Billno 13/19-20/ 25.9.19 42000<br>Vrno 21901070/20.9.19 156555 |

തെരുവ്KREWS കാസറഗോഡ് എന്ന സ്ഥാപനത്തിൽ നിന്നാണ് 77 വിളക്കുകൾ (24 Watt LED ) വാങ്ങിയത്.KREWS കാസറഗോഡ് എന്ന സ്ഥാപനത്തിൽ നിന്ന് തെരുവ് വിളക്ക് വാങ്ങിക്കാൻ ഉള്ള തീരുമാനം 29.11.18 ന് ചേർന്ന ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി ചേരുകയോ അംഗീകാരം നൽകുകയോ ചെയ്തിട്ടില്ല.

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ GO(P)No 259/2010/LSGD Dtd 8.11.2010 പ്രകാരം പർച്ചേസ് സംബന്ധിച്ച് എല്ലാ കാര്യങ്ങളും മേൽനോട്ടം വഹിക്കേണ്ടത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതലയാണ്. മേൽ അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-13 നിർവ്വഹണ ഉദ്യോഗസ്ഥൻ ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2019-20 സാമ്പത്തിക വർഷം ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 68/20 |
| പ്രൊജക്ടിന്റെ പേര് | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം. |
| അടങ്കൽ | 4,00,000/- |
| ചെലവ് | 1,34,729/- |
| ബിൽ നം& തിയ്യതി | 1/19-20 Dtd 18/12/2019 |
| ഫണ്ടിനം | ടി എസ് പി |

| | |
|---|---|
| പ്രൊജക്ട് നം. | 85/19-20 |
| പ്രൊജക്ടിന്റെ പേര് | സ്കൂളുകളുടെ ആവർത്തന ചെലവ് |
| അടങ്കൽ | 150,000/- |
| ചെലവ് | 82,354/- |
| ബിൽ നം& | 2/19-20 Dtd 26/02/2020-10,937, 3/19-20 Dtd 26/02/2020-27,417, 4/19-20 Dtd |

| | |
|---|---|
| തിയ്യതി | 26/02/2020-44,000. |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |

മേൽ പദ്ധതികൾക്കു വേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥൻ 217,083/- രൂപ ചെലവഴിച്ചിട്ടുണ്ട് എന്നാൽ ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-14 സമ്പൂർണ്ണ ഭവന പദ്ധതി വികസന ഫണ്ടിൽ നിന്നും ബാങ്കിൽ അടക്കുന്ന തുക പലിശ ഇനത്തിൽ വരവ് വെക്കുന്നു

സമ്പൂർണ്ണ ഭവന പദ്ധതിക്കായി വൈത്തിരി സർവീസ് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്തതിന്റെ മുതലും പലിശയും താഴെ പറയുന്ന വിധം തിരിച്ചടച്ചിട്ടുണ്ട്.

| തീയതി | തുക |
|---|---|
| 3.4.19 | 108565( മുതൽ) വികസന ഫണ്ട് |
| 3.5.19 | 665000( മുതൽ)വികസന ഫണ്ട് |
| 18.8.19 | 500000( മുതൽ)വികസന ഫണ്ട് |
| 18.8.19 | 636139(പലിശ) തനത് ഫണ്ട് |
| ആകെ | 1909704 |

മേൽ വിവരിച്ച പ്രകാരം മുതൽ ഇനത്തിൽ അടച്ച 1273565 രൂപ വൈത്തിരി സർവീസ് സഹകരണ ബാങ്ക് പലിശ ഇനത്തിൽ ആണ് വരവ് വെക്കുന്നത് .സമ്പൂർണ്ണ ഭവന പദ്ധതിക്കായി അനുമതി നൽകിയ ഉത്തരവ് ( GO(Ms) 83/13/ LSGD 11.3.13 )പ്രകാരം വികസന ഫണ്ടിൽ നിന്നും മുതൽ ഇനത്തിൽ മാത്രമേ തിരിച്ചടവ് പാടുള്ളൂ. ആയത് ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-15 വാഹന വാടക ഇനത്തിൽ അധികച്ചെലവ്

2019-20 സാമ്പത്തിക വർഷത്തിൽ പൊഴുതന ഗ്രാമ പഞ്ചായത്തിലെ ഔദ്യോഗികാവശ്യങ്ങളുമായി ബന്ധപ്പെട്ട് നിരവധി തവണ വാഹനങ്ങൾ വാടകയ്ക്ക് എടുത്തിട്ടുണ്ട്. സ.ഉ(സാധ)നം.2493/2012/ത.സ്വ.ഭ.വ തിയ്യതി 3-9-2012 പ്രാകാരം സ്വന്തമായി വാഹനം ഇല്ലാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്രതിവർഷം വാടകയിനത്തിൽ ചെലവഴിക്കാവുന്ന പരമാവധി തുക 75000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വർഷത്തിൽ ഗ്രാമ പഞ്ചായത്ത് ഈയിനത്തിൽ 2,84,200/- രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. സർക്കുലർ നം. 85/2018/ഫിൻ തിയ്യതി 15-9-2018 പ്രകാരം സുതാര്യമായ ടെണ്ടർ നടപടികളിലൂടെയാണ് വാഹനങ്ങൾ വാടകയ്ക്ക് എടുക്കേണ്ടത് എന്നും ദീർഘകാല അടിസ്ഥാനത്തിൽ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുമ്പോൾ ധനകാര്യ വകുപ്പിൽ നിന്നുള്ള അനുമതി ലഭ്യമാക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ ഒന്നും പാലിക്കാതെയാണ് ഗ്രാമ പഞ്ചായത്ത് വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചിരിക്കുന്നത്. ഈ ഇനത്തിൽ വന്നിട്ടുള്ള ചെലവുകളുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം | തിയ്യതി | വാഹന വാടകയിനത്തിൽ ചെലവായ തുക |
|---|---|---|---|
| 1 | 21900010 | 5-4-2019 | 1850/- |
| 2 | 21900033 | 9-4-2019 | 10088/- |
| | | | |

| | | | |
|---|---|---|---|
| 3 | 21900038, 21900039 | 12-4-2019 | 8677/- |
| 4 | 21900089 | 21-5-2019 | 7847/- |
| 5 | 21900160 | 4-6-2019 | 2550/- |
| 6 | 21900283 | 11-7-2019 | 1000/- |
| 7 | 21900327,21900328 | 30-7-2019 | 3750/- |
| 8 | 21900374 | 5-8-2019 | 5052/- |
| 9 | 21900379, 21900380, 21900381 | 17-8-2019 | 14000/- |
| 10 | 21900405,21900406 21900407 | 31-8-2019 | 6850/- |
| 11 | 21900446 | 1-9-2019 | 600/- |
| 12 | 21900455 | 6-9-2019 | 700/- |
| 13 | 21900458 | 7-9-2019 | 27500/- |
| 14 | 21900460,21900466 21900467,21900468, 21900472,21900477,21900479 | 7-9-2019 | 19839/- |
| 15 | 21900481,21900486 21900489,21900490 | 19-9-2019 | 15000/- |
| 16 | 21900537,21900543 21900548,21900559 | 5-10-2019 | 14565/- |
| 17 | 21900575,21900577 | 17-10-2019 | 14450/- |
| 18 | 21900578,21900581 21900582,21900583 | 18-10-2019 | 12800/- |
| 19 | 21900587,21900591 21900596,21900597 21900598,21900600 | 24-10-2019 | 17850/- |
| 20 | 21900604, 21900610 | 30-10-2019 | 30000/- |
| 21 | 21900627,21900632 | 2-11-2019 | 3900/- |
| 22 | 21900652,21900654 | 13-11-2019 | 3750/- |

| | | | |
|---|---|---|---|
| 23 | 21900735,21900741<br>21900742,21900743 | 6-12-2019 | 26600/- |
| 24 | 21900751 | 7-12-2019 | 450/- |
| 25 | 21900764 | 21-12-2019 | 2500/- |
| 26 | 21900770,21900773<br>21900775 | 24-12-2019 | 5190/- |
| 27 | 21900778 | 27-12-2019 | 2500/- |
| 28 | 21900810 | 4-1-2020 | 2500/- |
| 29 | 21900884,21900850<br>21900860,21900861<br>21900862,21900863<br>21900867 | 27-1-2020 | 13325/- |
| 30 | 21900983,21900984 | 16-3-2020 | 1812/- |
| 31 | 21901012,21901013 | 17-3-2020 | 3575/- |
| 32 | 21901240 | 30-3-2020 | 3130/- |
| | ആകെ | | 2,84,200/- |

വാഹന വാടകയിനത്തിൽ മേൽ പ്രകാരം അധികച്ചെലവിനിടയായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 1-16 പദ്ധതി നിർവ്വഹണത്തിനുള്ള ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല.

ജി.ഒ. (പി) നം. 177/2006/ധനം, തീയതി 12.04.20106 പ്രകാരം പുറപ്പെടുവിച്ച ഫണ്ട് വിഭജനവും പിൻവലിക്കലും മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 8.3 അനുസരിച്ച് നോൺബാങ്കിംഗ് ട്രഷറി മുഖേന പണം പിൻവലിക്കൽ നടത്തുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പണവിതരണം നടത്തുക എന്ന ആവശ്യത്തിനുവേണ്ടി മാത്രമായി നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 30 ദിവസത്തിൽ അധികമായ വിതരണം നടത്താത്ത ബാക്കി തുക ഒരോ മാസാവസാനവും ഫണ്ട് പിൻവലിച്ച ഹഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടയ്ക്കണമെന്ന് മേൽപറഞ്ഞ മാർഗ്ഗരേഖയിലെ ഖണ്ഡിക 8.6 -ൽ നിഷ്കർഷിച്ചിട്ടുണ്ട്.

ടി.ഇ.ഒ. -യുടെ പേരിൽ വൈത്തിരി കനറാ ബാങ്ക് ശാഖയിൽ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ട് നിലവിലുണ്ട് (A/C No. 0358101073212). 31.03.2019 -ൽ പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് ₹96146/- ആണ്. നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | തുക |
|---|---|
| പവിശ | ₹67785 |
| ബാങ്ക് ചാർജ്ജ് | (-)₹276 |
| എസ്. റ്റി. കുട്ടികൾക്കുള്ള യൂണിഫോം ഗ്രാന്റ് തുക ബാക്കി. | ₹40 |
| ഹൗസ് റിപ്പയർ ഗ്രാന്റ് | ₹5373 |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് (മുതിർന്ന പൗരൻമാർക്കുള്ള കട്ടിൽ വിതരണം പ്രോജക്ട്) | ₹20,000 |
| ആകെ | ₹96146/- |

മേൽപറഞ്ഞ ബാങ്ക് അക്കൗണ്ട് ഗ്രാമപഞ്ചായത്തിന്റെ സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. അതിനാൽ ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ ഗ്രാമപഞ്ചായത്തിനു വേണ്ടി സ്വീകരിക്കുന്ന എതൊരു തുകയും യഥാസമയം ഗ്രാമപഞ്ചായത്തിൽ ഒടുക്കേണ്ടതാണ് (2011 - ലെ പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 20 കാണുക). എന്നാൽ മുതിർന്ന പൗരൻമാർക്കുള്ള കട്ടിൽ വിതരണം എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിനായി കരാറുകാരനിൽ നിന്നും കൈപ്പറ്റിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചത് തെറ്റായ നടപടിയാണ്.

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ നിർവ്വഹണ ഉദ്യോഗസ്ഥർ വൈത്തിരി സബ് ട്രഷറി മുഖേനയാണ് പിൻവലിക്കുന്നത്. നിലവിൽ ഇത് ബാങ്കിംഗ് ട്രഷറിയായതിനാൽ ബാങ്ക് അക്കൗണ്ടിന്റെ ആവശ്യമുള്ളതായി കാണുന്നില്ല. ഓഡിറ്റ് എൻക്വയറി നം. 05/2019-20/ 22.06.2021 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല

ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യാത്തതിനും കരാറുകാരിൽ നിന്നും ലഭിച്ച സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 ലൈഫ് ഭവന നിർമ്മാണ പദ്ധതി - നടപടി ക്രമങ്ങൾ പാലിക്കാതെ ധനസഹായം നൽകി.

പട്ടിക വർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിനായി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ 2019-20 വർഷത്തിൽ എസ് 0066/20 നമ്പറായി പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ആകെ അടങ്കൽ ₹1,50,77,000/- രൂപയാണ് (ടി.എസ്.പി. - ₹24,77,000/-, ബ്ലോക്ക് പഞ്ചായത്ത് - ₹ 13,05,864/-, ജില്ല പഞ്ചായത്ത് - ₹11,68,369/-, മറ്റുള്ളവ - ₹1,01,25,767/-). പ്രോജക്ട് പ്രകാരം തൻവർഷം 17 ഗുണഭോക്തക്കൾക്കായി ആകെ ₹24,77,000/- (ടി.എസ്.പി. ഫണ്ട്) ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ സ്കീം രജിസ്റ്റർ പ്രകാരം 27 ഗുണഭോക്താക്കളാണ് ഉള്ളത്. ഇതിൽ 5 പേർ മാത്രമാണ് ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. തൻവർഷം തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ട്രഷറി ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 1 | ചെല്ലമ്മ | ₹1,00,000/-<br>₹59,300/- | 01/2019-20/ 24.07.2019<br>10/2019-20/ 16.12.2019 |
| 2 | രാധാകൃഷ്ണൻ | ₹80,700/-<br>₹50,000/- | 02/2019-20/ 27.08.2019<br>05/2019-20/ 21.10.2019 |
| 3 | മിനി | ₹1,00,000/-<br>₹90,000/-<br>₹40,000/- | 03/2019-20/ 05.09.2019<br>07/2019-20/ 29.10.2019<br>12/2019-20/ 26.03.2020 |
| 4 | ഗോപാലൻ സി. | ₹1,00,000/-<br>₹80,000/-<br>₹50,000/- | 03/2019-20/ 05.09.2019<br>07/2019-20/ 29.10.2019<br>12/2019-20/ 26.03.2020 |
| 5 | ലക്ഷ്മി ബാലൻ | ₹1,00,000<br>₹80,000/-<br>₹50,000/- | 04/2019-20/ 06.09.2019<br>07/2019-20/ 29.10.2019<br>2/2019-20/ 26.03.2020 |
| 6 | വിജയൻ | ₹1,20,000/-<br>₹90,000/- | 06/2019-20/ 21.10.2019<br>07/2019-20/ 29.10.2019 |
| 7 | രാമൻ കെ സി | ₹1,00,000/-<br>₹1,20,000/- | 07/2019-20/ 29.10.2019<br>09/2019-20/ 22.11.2019 |
| 8 | ജാനകി | ₹70,000/- | 08/2019-20/ 29.10.2019 |
| 9 | ശങ്കരൻ സി. | ₹1,20,000/- | 09/2019-20/ 22.11.2019 |

| | | | |
|---|---|---|---|
| 10 | പാറ്റ ചാത്തി | ₹2,17,000/- | 12/2019-20/ 26.03.2020 |
| 11 | ദേവി വാസു | ₹1,20,000/- | 11/2019-20/ 26.03.2020 |
| 12 | കുമാരൻ ഒണൻ | ₹1,20,000/- | 11/2019-20/ 26.03.2020 |
| 13 | റീന ചന്ദ്രൻ | ₹80,000/- | 11/2019-20/ 26.03.2020 |
| 14 | പാറു വെള്ളി | ₹1,00,00/- | 01/2019-20/ 24.07.2019 |
| 15 | പവിത്രൻ | ₹40,000/- | 01/2019-20/ 24.07.2019 |
| 16 | വെള്ളി | ₹1,00,000/- | 01/2019-20/ 24.07.2019 |
| 17 | ഷീജ ശശി | ₹1,00,000/- | 03/2019-20/ 05.09.2019 |
| ആകെ | | ₹24,77,000/- | |

മേൽ ചെലവുകളുടെ ട്രഷറി ബില്ലുകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, സ്റ്റേജ് റിപ്പോർട്ട്, സ്റ്റേജ് സർട്ടിഫിക്കറ്റ്, നിർമ്മാണം പൂർത്തിയാക്കിയ ഘട്ടങ്ങളുടെ ഫോട്ടോ എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ അർഹരായ ഗുണഭോക്താക്കൾക്കുതന്നെയാണോ തുക നൽകിയിട്ടുള്ളതെന്നും തുക കൈപ്പറ്റിയിട്ടുള്ളത് യഥാർത്ഥത്തിൽ പൂർത്തിയാക്കിയിട്ടുള്ള ഘട്ടങ്ങൾക്ക് അനുസൃതമാണോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേൽ പറഞ്ഞ രേഖകൾ ഹാജരാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 04 /2019-20/ 22.06.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തൻവർഷം പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നല്കിയ ആകെ ധനസഹായം ₹24,77,000/- ഓഡിറ്റ് തടസത്തിൽ വെയ്ക്കുന്നു.

## 1-18 പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരമില്ലാതെ ഉപകരണങ്ങൾ വാങ്ങി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ ജി.ഒ (പി) 259/2010/തസ്വഭവ തീ. 8.11.2010 അനുസരിച്ച് വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്. ടെണ്ടർ രേഖകൾ തയ്യാറാക്കി, സ്വീകരിച്ച് , സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി വാങ്ങലുകൾക്ക് അംഗീകാരം നൽകേണ്ടത് പ്രൊക്യൂമെന്റ് കമ്മറ്റിയാണ്. എന്നാൽ പ്രൊക്യൂമെന്റ് കമ്മറ്റി അംഗീകാരമില്ലാതെയാണ് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) നിർവ്വഹണം നടത്തിയ പദ്ധതികൾക്കായി

ഗ്രാമ പഞ്ചായത്ത് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്ട് നം. 6/19-20 ( ആശുപത്രിയിലേക്കാവശ്യമായ മരുന്നും ഉപകരണങ്ങളും വാങ്ങൽ )

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി )

അടങ്കൽ - 3,00,000/-

ചെലവ് - 3,00,000/-

ബിൽ നം. 54/19-20, തുക – 17112/- തി 26-3-2020

ഇൻവോയ്സ് നം. CSFS/UREG/252 DT. 14-3-20 സുരക്ഷ ഫയർ ആന്റ് സെക്യൂരിറ്റി

വാങ്ങിയ ഉപകരണം- Co2ഫയർ എക്സ്റ്റിംഗിഷർ - 2 എണ്ണം

2) പ്രോജക്ട് നം. 4/19-20 പെയിൻ ആന്റ് പാലിയേറ്റീവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി )

അടങ്കൽ - 783880/-

ചെലവ് - 783880/-

ബിൽ നം. 45/19-20 തി. 10-3-2020 തുക 30446/-

വാങ്ങിയ ഉപകരണം- Steel Cabinet With 4 Fixed Shelves – 2 Nos , സ്റ്റീൽ ടെബിൾ - 1

ഇൻവോയ്സ് നം. WYND/19-20/54 DT. 24-2-2020 SIDCO

3) പ്രോജക്ട് നം. 194/19-20 -ആർദ്രം മിഷൻ - അനുബന്ധ പ്രവർത്തനങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി )

അടങ്കൽ - 5,00,000/-

ചെലവ് - 350719/-

വാങ്ങിയ ഉപകരണം- ടോക്കൺ ഡിസ്പ്ളേ സിസ്റ്റം - 1 എണ്ണം

ബിൽ നം. 41/19-20 തി . 13-3-20 തുക - 11785

ഇൻവോയ്സ് നം. 1068/2019-20 തി 7-1-2020

പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരമില്ലാതെ മേൽ ഉപകരണങ്ങൾ വാങ്ങിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-19 പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം - വിവാഹ സാക്ഷ്യപത്രം ഇല്ല-തടസ്സം 75000/- രൂപ.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0057/20 | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം | 225000/-(395730/- - വികസനം എസ്.സി.പി) | 225000/-(ബിൽ നം. 4/29.11.19 150000/- , ബിൽ നം. 1/05.11.19 75000/-) |

അസി. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ മേൽ പദ്ധതി പ്രകാരം 3പട്ടികജാതി പെൺകുട്ടികൾക്ക് 75000/- രൂപ വീതം വിവാഹ ധനസഹായം നൽകിയിട്ടുണ്ട്. അതിൽ, അനിത, പെരിങ്കട എന്ന ഗുണഭോക്താവിന്റെ വിവാഹ സാക്ഷ്യപത്രം ഫയലിൽ ഇല്ല. സി.എസ്.ഐ ഇമ്മാനുവൽ ചർച്ച്, കോയമ്പത്തൂരിന്റെ മാര്യേജ് രജിസ്റ്ററിന്റെ അബ്സ്ട്രാക്റ്റിന്റെ പകർപ്പ് മാത്രമാണ് ഫയലിൽ ഉള്ളത്. അനിതയുടെ കല്യാണ ക്ഷണക്കത്തും ഫയലിൽ ഇല്ല. അനിതയുടെ കല്യാണം കോയമ്പത്തൂർ വെച്ചാണ് നടന്നിരിക്കുന്നത്. അതിനാൽ, തമിഴ് നാട്ടിൽ നിന്നും വിവാഹ ധന സഹായം ലഭ്യമായിട്ടുണ്ടോ എന്ന വിവരം ഫയലിൽ ലഭ്യമല്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.2 /19-20/21.06.2021) ലഭ്യമാക്കിയ മറുപടിയിൽ കോയമ്പത്തൂർ വെച്ച് കല്യാണം നടന്നതിനാൽ വിവാഹ സാക്ഷ്യപത്രം ഇല്ല എന്നാണ് പറഞ്ഞിരിക്കുന്നത്. വിവാഹ സാക്ഷ്യപത്രം ഇല്ലാതെ വിവാഹ ധനസഹായം നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ചെലവ് തുക 75000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-20 അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വിഭവ ഉപയോഗത്തിലെ വീഴ്ച.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 55/20 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(പൊതുവിഭാഗം) | 1595695/-(1095695/- - വികസനം ജനറൽ, 250000/- - ബ്ലോക്ക് പഞ്ചായത്ത്, 250000/- - ജില്ല പഞ്ചായത്ത്) | 1095695/- |
| 56/20 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(പട്ടികജാതി) | 400000/-(200000/- - വികസനം എസ്.സി.പി, 100000/- - ബ്ലോക്ക് പഞ്ചായത്ത്, 100000/- - ജില്ല പഞ്ചായത്ത്) | 171000/- |
| 58/20 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(പട്ടികവർഗ്ഗം) | 900000/-(450000/- - വികസനം ടി.എസ്.പി, 225000/- - ബ്ലോക്ക് പഞ്ചായത്ത്,225000/- - ജില്ല പഞ്ചായത്ത്) | |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ഭിന്നശേഷി/മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് / ബത്ത നൽകിയിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം [ സ.ഉ. നം. കൈ നം. 11/2018/തസ്വഭവ 29.01.2018 ഖണ്ഡിക 5.2.1(4)] വികസന ഫണ്ടിൽ നിന്നും നിർബന്ധമായി നീക്കി വെക്കേണ്ട ഇനമാണ് ഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും. (ബ്ലോക്ക് /ജില്ല പഞ്ചായത്ത് വിഹിതവും ഉൾപ്പെടുത്താവുന്നതാണ്). അനിവാര്യ ചുമതലകൾക്ക് ആവശ്യമായ വകയിരുത്തലുകൾ നടത്തിയിട്ടുണ്ടോ എന്ന് വിശദീകരിക്കേണ്ടതാണ്.

5.01.2019 ലെ ഡ.എ.1/19/2019 ത.സ്വ.ഭ.വ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ മുഴുവൻ സ്കോർളഷിപ്പും/ബത്തയും നൽകുവാനായി താഴെ പറയുന്ന നിബന്ധനകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട് :

1)അനുവദനീയമായ ആനുകൂല്യം പൂർണ്ണമായി നൽകുവാനായി ഗ്രാമപഞ്ചായത്ത് മതിയായ ഫണ്ട് മാറ്റി വയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2)സാമൂഹ്യ സുരക്ഷാ മിഷന്റെ കൈവശമുള്ള ഇത്തരം വിഭാഗക്കാരുടെ പൂർണ്ണമായ വിവരങ്ങൾ ICDS/CDPO മുഖേന പഞ്ചായത്തിന് കൈമാറുന്നതോടൊപ്പം, മതിയായ തുക മാറ്റി വയ്ക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ പരിശോധനയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് സ.ഉ.(സാധാ)നം.2465/2016/തസ്വഭവ തിയ്യതി 17.08.2016 പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(പൊതുവിഭാഗം) അടങ്കൽ തുകയിൽ (15,95,695/-) 5,00,000/- രൂപ (31%) ചെലവഴിച്ചിട്ടില്ല. പട്ടികജാതി വിഭാഗത്തിൽ അടങ്കൽ തുകയിൽ (4,00,000/-) 2,29,000/- രൂപ (57%) ചെലവഴിച്ചിട്ടില്ല. പട്ടികവർഗ്ഗ വിഭാഗത്തിൽ അടങ്കൽ തുകയിൽ (9,00,000/-) 8,01,000/- രൂപ (89%) ചെലവഴിച്ചിട്ടില്ല. അനിവാര്യ ചുമതല നടപ്പിലാക്കാൻ മാറ്റി വെച്ച വികസന ഫണ്ട് മുഴുവനും ചെലവാക്കാതിരുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസർ വിശദീകരണം നൽകേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.6 /19-20/25.06.2021) ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ ശ്രദ്ധിക്കാം എന്നാണ് പറഞ്ഞിരിക്കുന്നത്. അനിവാര്യ ചുമതലകൾക്കുള്ള മുഴുവൻ വിഭവവും ചെലവഴിക്കാത്തത് ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-21 അംഗൺവാടി പോഷകാഹാരം- സപ്ലൈകോ നിരക്കിൽ പരിമിതപ്പെടുത്തിയാണോ സാധനങ്ങൾ വാങ്ങിയതെന്ന് പരിശോധിക്കുവാനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

അംഗൺവാടി പോഷകാഹാര വിതരണ പദ്ധതികൾക്കായി ഐ.സി.ഡി.എസ് സൂപ്പർവൈസർ 2019-20 സാമ്പത്തീക വർഷം 2843008/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി വിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0051/20 | അംഗൺവാടി പോഷകാഹാരം(ജനറൽ) | 2593000/-<br>(വികസനം ജനറൽ) | 2593000/- |
| S0052/20 | അംഗൺവാടി പോഷകാഹാരം<br>(പട്ടികജാതി) | 142059/-<br>(വികസനം എസ്.സി.പി) | 142059/- |
| S0136/20 | അംഗൺവാടി പോഷകാഹാരം<br>(പട്ടികവർഗ്ഗം) | 126915/-<br>(വികസനം ടി.എസ്.പി) | 107949/- |
| ആകെ | | | 2843008/- |

അനുപൂരക പോഷകാഹാരങ്ങൾ കുടുംബശ്രീ/സഹകരണ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാവുന്നതാണെങ്കിലും, ആയതിനുള്ള വിലകൾ അതാത് സമയത്ത് മാവേലി സ്റ്റോറിലുള്ള തുകയേക്കാൾ അധികരിക്കുന്നില്ല എന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ ഉറപ്പ് വരുത്തേണ്ടതാണ്. ഈ പദ്ധതി പ്രകാരം സാധനങ്ങൾ വാങ്ങിയത് കൽപ്പറ്റയിൽ സ്ഥിതി ചെയ്യുന്ന NMDC, വയനാട് ഡിസ്ട്രിക്ട് ഹോൾസെയിൽ കോപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ്.

ഓഡിറ്റിന് സപ്ലൈകോയുടെ വില നിലവാരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.7 /19-20/25.06.2021) ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ ശ്രദ്ധിക്കാം എന്നാണ് പറഞ്ഞിരിക്കുന്നത്. 2019-20 കാലയളവിലെ സപ്ലൈകോയുടെ വില നിലവാരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-22 വലിയ തുക വകയിരുത്തിയ പദ്ധതികൾ നടപ്പിലാക്കാനായില്ല.

2019-20 വർഷത്തിൽ വെറ്ററിനറി സർജ്ജൻ നിർവ്വഹിക്കുന്ന പദ്ധതികൾക്കായി വലിയ തുക വകയിരുത്തിയെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞില്ല. വേണ്ടത്ര ആസൂത്രണമില്ലാതെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രമിക്കുന്നതുമൂലം ജനോപകാരപ്രദമായ പ്രോജക്ടുകൾക്കായി ചെലവഴിക്കാനുള്ള ഫണ്ടുകൾ നഷ്ടപ്പെടാൻ ഇടയാകുന്നു. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി ഇക്കാര്യത്തിൽ ആവശ്യമായ ശ്രദ്ധ പുലർത്തിയിട്ടില്ല എന്നാണ് പരിശോധയിൽ നിന്നും വ്യക്തമാവുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം | പദ്ധതി | അടങ്കൽ | ഫണ്ട് ഇനം | ചെലവ് |
|---|---|---|---|---|---|
| 1 | 208/19-20 | പട്ടിക വർഗ്ഗ വിഭാഗത്തിന് കറവപ്പശു വിതരണം | 33,60,000/- | ടി.എസ്.പി-33,43,000<br>തനത് ഫണ്ട്- 17,000 | 0 |
| 2 | 209/19-20 | പട്ടിക ജാതി വിഭാഗത്തിന് കറവപ്പശു വിതരണം | 10,20,000/- | എസ്.സി.പി- 5,78,000<br>തനത് ഫണ്ട്- 17,000<br>ഗ്ര.ഭോ.വി- 4,25,000 | 0 |
| 3 | 110/19-20 | പട്ടിക വർഗ്ഗ വനിത ഗ്രൂപ്പിന് പശു വിതരണം | 12,00,000/- | ടി.എസ്.പി-12,00,000/- | 0 |
| 4 | 92/19-20 | കോഴി വിതരണ പദ്ധതി- ജെ.എൽ.ജി പൊതു വിഭാഗം വനിത | 9,95,000/- | വികസന ഫണ്ട്-പൊതു (സാധ)5,00,000<br>ഗ്ര.ഭോ.വി- 4,95,000 | 0 |

മേൽ പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-23 ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾക്ക് പാത്രങ്ങൾ വാങ്ങൽ 249077/ രൂപ തടസ്സം ചെയ്യുന്നു.

| പ്രൊജക്റ്റ് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 143/20 | ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾക്ക് പാത്രങ്ങൾ വാങ്ങൽ | 300000/-(തനത് ഫണ്ട്) | ചെക്ക് നം. 265067210/17.10.19 – 249077/- |

മേൽ പദ്ധതി പ്രകാരം ഹരിത കർമ്മ സേനയുടെ അംഗങ്ങൾക്ക് വരുമാന മാർഗ്ഗം ആയി പാത്രങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മലപ്പുറത്തെ ഇൻവൈറ്റ് ഇന്റീരിയേഴ്സിന്റെ ടെൻഡർ ആണ് അംഗീകരിച്ചിരിക്കുന്നത് (ഭരണ സമിതി തീരുമാനം നം. 23/1/25.02.19). എന്നാൽ, പ്രോക്യർമെന്റ് കമ്മിറ്റി തീരുമാനമില്ല.

2,49,077/- രൂപക്ക് 1500 സ്റ്റീൽ പാത്രം, 1500 സ്റ്റീൽ ഗ്ലാസ്സ് (9.5 സെ.മീ), 1500 സ്റ്റീൽ ഗ്ലാസ്സ്(8സെ.മീ) എന്നിവ മലപ്പുറത്തെ ഇൻവൈറ്റ് ഇന്റീരിയേഴ്സിൽ നിന്നും വാങ്ങിയിട്ടുണ്ട് (ഇൻവോയിസ് നം. 05/13.05.19). 17.01.2020-ലെ ഭരണ സമിതിയുടെ 2/1-ാം നമ്പർ തീരുമാന പ്രകാരം, മേൽ സാധനങ്ങൾ 03.02.2020 ന് ഹരിത കർമ്മ സേന പ്രസിഡണ്ട് ശോഭ, സെക്രട്ടറി ഷീന എന്നിവർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത സാധനങ്ങൾ ഗ്രാമ പഞ്ചായത്തിലെ ഫീഡിംഗ് റൂമിൽ പൊടി പിടിച്ച് കിടക്കുകയാണ്. ഭരണ സമിതി തീരുമാന പ്രകാരം, സ്റ്റീൽ പാത്രം ഒന്നിന് 3 രൂപ, സ്റ്റീൽ ഗ്ലാസ്സ് 1 രൂപ എന്നിവ വാടക നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ, ഹരിത കർമ്മ സേനയുടെ ബാങ്ക് പാസ്സ് ബുക്ക്, പാത്രങ്ങളുടെ മൂവ്മെന്റ് രജിസ്റ്റർ, സംയുക്ത പരിശോധന റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.22 /19-20/26.06.2021)മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 249077/- രൂപ തടസ്സത്തിൽ വെക്കുന്നു. യൂണിറ്റ് പ്രവർത്തനക്ഷമമാക്കി അറിയിക്കേണ്ടതാണ്.

## 1-24 മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

അസി. സെക്രട്ടറി ചാർജ്ജ് ഓഫീസറായ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അവിദഗ്ധ കായിക ജോലികൾ ചെയ്യുന്നതിന് സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന ഗ്രാമീണ കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിനുള്ള നിയമമാണ് മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം-2005 Mahathma Gandhi National Rural Employment Guarantee Act (MNREGA). ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. 2005 സെപ്റ്റംബറിൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ഈ നിയമം സെപ്റ്റംബർ 7 ന് നിലവിൽ വന്നിട്ടുണ്ട്. പൊഴുതന ഗ്രാമ പഞ്ചായത്തിലെ ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതികളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| ആക്ഷൻപ്ലാൻ പ്രകാരം 19-20 ൽ അനുമതി ലഭിച്ച പ്രവൃത്തികളുടെ എണ്ണം | 2184 |
| ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം<br>സ്പിൽ ഓവർ<br>തൻവർഷം<br>ആകെ | <br>70<br>283<br>353 |
| പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം<br>സ്പിൽ ഓവർ പദ്ധതികൾ<br>തൻവർഷം<br>ആകെ | 68<br>283<br>351 |
| പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണം | 2 |
| തൻവർഷം പുതുതായി രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം | 126 |
| പുതുതായി രജിസ്റ്റർ ചെയ്തതുൾപ്പടെ 19-20 ലെ ആകെ തൊഴിലാളികളുടെ എണ്ണം | 4142 |
| 100തൊഴൽദിനങ്ങൾ പൂർത്തീകരിച്ച കുടുംബങ്ങളുടെ എണ്ണം | 935 |
| തൊഴിലാളികളുടെ കൂലി<br>Material<br>അഡ്മിനിട്രേറ്റീവ് ചെലവ്<br>തൻവർഷത്തെ ആകെ ചെലവ് | 5,33,54,082/-<br>1,14,88,740/-<br>38,28,656/-<br>68,671,478/- |

ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ ആകെ രജിസ്റ്റർ ചെയ്ത 4142 ഗുണഭോക്താക്കളിൽ 126 പേർ 2019-2020 വർഷം തൊഴിൽ കാർഡ് ലഭിച്ചവരാണ്. 935 കുടുംബങ്ങൾ 100 ദിനം തൊഴിൽ ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷം പദ്ധതി പ്രകാരം ചെയ്ത പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരം താഴെ പറയുന്നു .

| ക്രമ നം. | പ്രവൃത്തിയുടെ ഇനം | എണ്ണം |
|---|---|---|
| 1 | മണ്ണ് , ജല സംരക്ഷണപ്രവർത്തനങ്ങൾ | 98 |
| 2 | വനവൽക്കരണം | 11 |
| 3 | വെള്ളക്കെട്ട് നിവാരണം | 8 |
| 4 | ഭവനനിർമ്മാണം | 77 |
| 5 | റോഡ് കോൺക്രീറ്റിംഗ് | 18 |
| 6 | അങ്കണ വാടി നിർമ്മാണം | 2 |
| 7 | പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണം | 2 |
| 8 | തൊഴുത്ത് നിർമ്മാണം | 15 |
| 9 | കിണർ നിർമ്മാണം | 69 |
| 10 | കിണർ റീചാർജ്ജിംഗ് | 1 |
| 11 | ആട്ടിൻക്കൂട് നിർമ്മാണം | 6 |
| 12 | ടോയിലറ്റ് നിർമ്മാണം | 2 |
| 13 | കുളം നിർമ്മാണം | 1 |
| ആകെ | | 310 |

പൊഴുതന ഗ്രാമ പഞ്ചായത്തിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികൾ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ പറയുന്നു.

1. ഗ്രാമ പഞ്ചായത്ത് പരിധിയിലെ കുടുംബങ്ങൾക്ക് ചുരുങ്ങിയത് 100 തൊഴിൽ ദിനങ്ങളെങ്കിലും നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് ഇത്. പൊഴുതന ഗ്രാമ പഞ്ചായത്ത് പരിധിയിൽ 4142 കുടുംബങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിൽ ലഭിക്കുന്നതിനായി രജിസ്റ്റർ ചെയ്ത തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ആയതിൽ 2299 കുടുംബങ്ങൾക്ക് മാത്രമാണ് ഭാഗികമായെങ്കിലും തൊഴിൽ നൽകാൻ സാധിച്ചിട്ടുള്ളത്. 935

കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ നൽകാൻ സാധിച്ചിട്ടുള്ളത്. രജിസ്റ്റർ ചെയ്ത് തൊഴിൽകാർഡ് നൽകിയ കുടുംബങ്ങളുടെ 21% മാത്രം. രജിസ്റ്റർ ചെയ്ത കുടുംബങ്ങളിൽ 1843 കുടുംബങ്ങൾക്ക് ഒരു തൊഴിൽദിനം പോലും നൽകാൻ തൻവർഷം സാധിച്ചിട്ടില്ല. ഇത് പരിശോധിക്കേണ്ടതും എല്ലാവർക്കും 100 തൊഴിൽദിനം നൽകുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കി പ്രാവർത്തികമാക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

2. തൻവർഷം ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ റോഡുകളും നടപ്പാതകളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കോൺക്രീറ്റ് പ്രവൃത്തി നടത്തി നവീകരണം നടത്തിയിട്ടുണ്ട്. എന്നാൽ ഇവയൊന്നും ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. നാളിതുവരെ മേൽ പദ്ധതിയിലൂടെ ഗ്രാമ പഞ്ചായത്ത് ആസ്തികൾ നിർമ്മിക്കുകയോ നവീകരിക്കുകയോ ചെയ്തിട്ടുള്ളത് പരിശോധിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

3. വർക്കുകളുടെ പൂർത്തീകരണത്തിനു ശേഷം ഡിസ് പ്ലെ ബോർഡ് സ്ഥാപിക്കണമെന്ന നിർദ്ദേശം എല്ലാ പ്രവൃത്തികളുടെ കാര്യത്തിലും പാലിക്കപ്പെടുന്നില്ല.

4. തൊഴിലുറപ്പ് പദ്ധതി മാർഗരേഖ പ്രകാരമുള്ള പ്രകൃതി വിഭവ സംരക്ഷണം, മാലിന്യനിർമാർജനം, തരിശ്ഭൂമി-പാഴ്ഭൂമി എന്നിവ കൃഷിക്ക് അനുയോജ്യമാക്കൽ, പൊതു ആസ്തികളുടെ സംരക്ഷണം എന്നിങ്ങനെയുള്ള അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ ഏറ്റെടുക്കുന്നതിന് മുൻഗണന നൽകും വിധമുള്ള പ്രവർത്തനങ്ങൾ നിർവഹിച്ചു കണ്ടില്ല. നിലവിലുള്ള ആസ്തികളുടെ സംരക്ഷണം ഉറപ്പാക്കുംവിധമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

5. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫ് ഫയലിൽ ചേർത്തിട്ടില്ല.ഇതിനാൽ തന്നെ പ്രവൃത്തികളുടെ ഘട്ടങ്ങൾ കൃത്യതയോടെ വിലയിരുത്താൻ സാധിക്കാത്ത സാഹചര്യമുണ്ട്. പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ്, പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോൾ,പ്രവൃത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ജിയോടാഗ്ഡ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നിനുള്ള ഉപാധിയാണ്. എന്നാൽ ഇവ ഒരു ഫയലിൽപ്പോലും ചേർത്തിട്ടില്ല.

6. കിണർ റീച്ചാർജിംങ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കിണർ ഗുണഭോക്താക്കൾക്ക് കൈമാറുമ്പോൾ തുടർ പരിപാലനം ഗുണഭോക്താക്കൾ തന്നെ നിർവ്വഹിക്കേണ്ട വസ്തുത ഗുണഭോക്താക്കളെ അറിയിക്കേണ്ടതും അതോടൊപ്പം അവരിൽ നിന്നും അനുബന്ധം 5 ൽ സമ്മതപത്രം ഒപ്പിട്ട് വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ആയത് ഫയലിൽ നിന്ന് ലഭ്യമല്ല.

7. കിണർ റീച്ചാർജിംങിനും, കിണർ നിർമ്മാണത്തിനും പ്രത്യേകം ജലഗ്രാമസഭകൾ നടത്തിയിട്ടില്ല.

8. ക്യാഷ്ബുക്കിൽ വാർഷിക സംക്ഷിപ്തം എഴുതിയിട്ടുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപടുത്തി സൂക്ഷിച്ചിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.19 /19-20/28.06.2021)മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-25 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ - വാസ്തവികമല്ല

അസി. സെക്രട്ടറി ചാർജ്ജ് ഓഫീസറായ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പരിശോധനക്കായി ഹാജരാക്കിയ കൽപ്പറ്റ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ അംഗീകരിച്ച 2019-2020 സാമ്പത്തിക വർഷത്തെ ആക്ഷൻ പ്ലാൻ പ്രകാരം 2184 പ്രവൃത്തികളിലായി 12,01,261.3 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് 44,75,44,670/-രൂപ ചെലവഴിക്കാനാണ്. (സാധന ഘടകം - 12,20,02,867/-രൂപ, വേതന ഘടകം - 32,55,41,803/- രൂപ ,ആകെ- 44,75,44,670/- രൂപ) ഉദ്ദേശിച്ചിരുന്നത്. എന്നാൽ യഥാർത്ഥ ചെലവ് 6,86,71,478/- രൂപ മാത്രമാണ്. ആക്ഷൻ പ്ലാൻ യാഥാർത്ഥമായി തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.20 /19-20/28.06.2021)മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-26 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കുളം, കിണർ നിർമ്മാണം - കരാർ ചമക്കുന്നില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യകൃഷി, മറ്റ് കൃഷി ആവശ്യങ്ങൾ എന്നിവയ്ക്ക് ഉപയോഗിക്കാനായി ലക്ഷ്യമിട്ടുകൊണ്ട് സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ കുളം നിർമ്മിച്ചു നൽകിയിട്ടുണ്ട്. വാർഡ് 4-ൽ ഒരു കുളമാണ് നിർമ്മിച്ചിട്ടുള്ളത്. എന്നാൽ, സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് 69 കിണറുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. കിണർ നിർമ്മിക്കാൻ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്. സർക്കുലർ നമ്പർ 14829/DD2/09/LSGD/02.03.09 പ്രകാരം പൊതുജനങ്ങൾക്ക് തടസ്സമില്ലാതെ ജലം ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്ത് ഗ്രാമപഞ്ചായത്ത് സ്ഥലം ഉടമയുമായി മുദ്ര പത്രത്തിൽ കരാർ വയ്ക്കണം. കരാർ ലംഘനമുണ്ടായാൽ ചെലവ് തുകയുടെ 12% പലിശ സഹിതം സ്ഥലമുടമ തിരിച്ചടയ്ക്കണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്യണം.എന്നാൽ ടി കരാർ ഫയലിൽ ലഭ്യമല്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.18 /19-20/28.06.2021)മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-27 ഫലപ്രദമായ മോണിറ്ററിംഗിന്റെ അഭാവം -പദ്ധതി ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചതായി ഉറപ്പുവരുത്താനായില്ല.

വെറ്ററിനറി സർജ്ജൻ നിർവ്വഹണം നടത്തിയ പദ്ധതികളിൽ ശരിയായ മോണിറ്ററിംഗ് നടത്താതിരുന്നതിനാൽ പദ്ധതികൾ ഉദ്ദശ്യ ലക്ഷ്യം പൂർത്തീകരിച്ചോ എന്ന് ഉറപ്പു വരുത്താനായിട്ടില്ല. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള രേഖ സ.ഉ.(കൈ) നം. 11/2018/ത.സ്വ.ഭ.വ. തി. 29-1-2018, ഖണ്ഡിക 13.1 പ്രകാരം പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിയ്ക്കും നൽകേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ വെറ്ററിനറി സർജ്ജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ പരിശോധിച്ചതിൽ മേൽ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 160/19-20 |
| പ്രോജക്ട് | കോഴി വളർത്തൽ പദ്ധതി- പട്ടിക ജാതി വനിത |
| അടങ്കൽ | എസ്.സി.പി - 63000/-<br>ഗു.ഭോ.വിഹിതം-21,000/-<br>ആകെ- 84,000/- |
| ചെലവ് | 5,000/- |
| ബിൽ നം | 5/19-20 തി 19-9-2019 |

പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ 84000/-രൂപ വകയിരുത്തിയിരുന്നെങ്കിലും ആകെ 5000/- രൂപ മാത്രമാണ് ചെലവഴിക്കാനായിട്ടുള്ളത്. ഇതിൽ നിന്നും വേണ്ടത്ര ആസൂത്രണമില്ലാതെയാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത് എന്ന് വ്യക്തമാവുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 134/19-20 |
| പ്രോജക്ട് | പട്ടിക വർഗ്ഗ വനിത ആടു വളർത്തൽ പദ്ധതി |
| അടങ്കൽ | ടി.എസ്.പി - 36,000/- |
| ബിൽ | 1/19-20 തി. 10-5- |

| | |
|---|---|
| നം. തുക | 19-/24000/- |
| | 2/19-20 തി.10-5-19/12000 |

മേൽ പദ്ധതികൾ ഗുണഭോക്താക്കൾക്ക് ഉപയോഗപ്രദമായോ എന്നും പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്നും തെളിയിക്കുന്നതിന് ആവശ്യമായ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടോ മറ്റു രേഖകളോ പരിശോധനയിൽ കാണുവാനായി സാധിച്ചിട്ടില്ല. അപാകങ്ങൾക്കുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 23-6-2021, 24-6-2021 | പി1/446/2021 തി.30-6-2021 |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 59500 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 59500 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 4000000 | ലൈഫ് ഭവന പദ്ധതിയ്ക്ക് തുക വകയിരുത്തൽ (പൊതു വിഭാഗം) | 4000000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1080000 | ലൈഫ് ഭവന പദ്ധതിയ്ക്ക് തുക വകയിരുത്തൽ (എസ്.സി.പി) | 1080000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 384152 | ലൈഫ് ഭവന പദ്ധതിയ്ക്ക് തുക | 384152 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വകയിരുത്തൽ (എസ്.സി.പി) | | |
| ജില്ലാ പഞ്ചായത്ത് | 2019-20 | 40396 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 40396 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 4789 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 4789 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവന പദ്ധതി | സ.ഉ(എ.എസ്) 83/13/ തസ്വഭവ- 11.03.2013 | 23500000 | 11341575 | 1273565 | 636139 | 10068010 |

.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | NIL |
| തൻവർഷം നിക്ഷേപിച്ച തുക | NIL |
| | |

| | |
|---|---|
| ആകെ | NIL |
| തന്നാണ്ടിൽ പിൻവലിച്ച തുക | NIL |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | NIL |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| NIL | | | | | |
| ആകെ | | | | | |

## <u>4-7 ഓഡിറ്റ് റിക്കവറി</u>

ഈയിനത്തിൽ തൻവർഷം വരവില്ല

## <u>4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ</u>

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-2 | 2016-17 | 2.2 | തൊഴിൽ നികുതി മുഴുവനായും പിരിച്ചെടുത്തില്ല | അപാകതകൾ പരിഹരിച്ച് മറുപടി സമർപ്പിച്ചിട്ടുണ്ട്. |
| 2015-16 | 2-2 | 2016-17 | 2.2 | തൊഴിൽ നികുതി റിട്ടേണുകൾ ഹാജരാക്കിയില്ല | റിട്ടേണുകൾ ഹാജരാക്കി. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം സമർപ്പിച്ചിട്ടുണ്ട് |

## <u>4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം</u>

<u>(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

<u>(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

## <u>4-10 ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 9,39,79,764 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 9,38,69,571 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 28,01,077 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 24,77,000/- | ശ്രീനാഥ്. പി.എസ്, ടി.ഇ.ഒ |
| 1-19, | 75000/- | ഹനീഫ സി, അസി.സെക്രട്ടറി |
| 1-23 | 249077/- | ഫിലോമിന ലോറൻസ്,വി.ഇ.ഒ |
| ആകെ | 2,801,077 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
| --- | --- | --- |
| ഹനീഫ സി, അസി.സെക്രട്ടറി | അസി.സെക്രട്ടറി , പൊഴുതന ഗ്രാമ പഞ്ചായത്ത് | ചിറ്റാക്കുൽ, കൂത്തുപറമ്പ, കണ്ണൂർ |
| ഫിലോമിന ലോറൻസ്,വി.ഇ.ഒ | വി.ഇ.ഒ മുട്ടിൽ ഗ്രാമ പഞ്ചായത്ത് | കളപ്പുരക്കൽ ഹൌസ്, കാക്കവയൽ പി.ഒ, മീനങ്ങാടി |
| ശ്രീനാഥ്. പി.എസ്, ടി.ഇ.ഒ | ഐ.ടി.ഡി.പി കൽപ്പറ്റ | ആര്യാട് വടക്കേതിൽ, ചേനക്കാവ്, പുതുപ്പാടി, ഈങ്ങാപ്പുഴ, കോഴിക്കോട്. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | |
| --- | --- |
| 1994-95 | എൽ.എഫ്.(ഡബ്ല്യു.)പി3./124/10(1)/ 15.2.10 |
| 1996-97 | എൽ.എഫ്.(ഡബ്ല്യു.)പി3./124/10(4)/ 15.2.10 |
| 1998-99 | എൽ.എഫ്.(ഡബ്ല്യു.)പി3./124/10(6)/ 15.2.10 |
| 1999-00 | എൽ.എഫ്.(ഡബ്ല്യു.)പി3./124/10(7)/ 15.2.10 |
| 2000-01 (Plan) | എൽ.എഫ്.(ഡബ്ല്യു.)പി3./124/10(8)/ 15.2.10 |
| 2000-01 | എൽ.എഫ്.(ഡബ്ല്യു.)പി3./709/08/17.11.08 |
| 2001-02 | എൽ.എഫ്.(ഡബ്ല്യു.)പി3./124/10(9)/ 15.2.10 |

| | |
|---|---|
| 2002-03 | എൽ.എഫ്.(ഡബ്ല്യൂ.)പി3./124/10(10)/ 15.2.10 |
| 2003-04 | എൽ.എഫ്.(ഡബ്ല്യൂ.)പി3./124/10(11)/ 15.2.10 |
| 2004-05 | എൽ.എഫ്.(ഡബ്ല്യൂ.)പി3./124/10(12)/ 15.2.10 |
| 2005-06 | എൽ.എഫ്.(ഡബ്ല്യൂ.)പി3./124/10(13)/ 15.2.10 |
| 2006-07 | എൽ.എഫ്.(ഡബ്ല്യൂ.)പി3./250/10/ 8.4.10 |
| 2007-08 | എൽ.എഫ്.(ഡബ്ല്യൂ.)പി3./609/09/05.12.2009 |
| 2008-09 | എൽ.എഫ്.(ഡബ്ല്യൂ.)പി3.208/14/17.7.14 |
| 2009-10 | എൽ.എഫ്.(ഡബ്ല്യൂ.)പി3.208/12/31.05.2012 |
| 2010-11 | എൽ.എഫ്.(ഡബ്ല്യൂ.)പി2.121/13/4.4.14 |
| 2011-12, 2012-13 | എൽ.എഫ്.(ഡബ്ല്യൂ.)പി2.392/14/31.05.2017 |
| 2013-14 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)P2-405/15/31.05.2017 |
| 2014-15 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി._p2-279/16/27.12.2017 |
| 2015-16 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി._p2-855/16/13.03.2018 |
| 2016-17 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി._p2-526/17/17.03.2018 |
| 2017-18 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)P1-862/18 /07.01.2018 |
| 2018-19 | നം.കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി.പി1-633/19 തിയ്യതി: 18/09/2019 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്